# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.479 — 29.01.2019-ൽ മറുപടിയ്ക്ക്

## ഇതര സംസ്ഥാന ലോട്ടറി നിയന്ത്രണം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. ഏകീകരണത്തിലൂടെ ഇതര സംസ്ഥാന ലോട്ടറി ലോബി വീണ്ടും കേരളത്തിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് സംസ്ഥാനത്തിന്റെ ഔദ്യോഗിക ലോട്ടറിയെ തകർക്കുന്നതിനും അതുവഴി കോടിക്കണക്കിന് രൂപയുടെ നികുതി നഷ്ടത്തിനും ഒട്ടേറെ പേരുടെ തൊഴിൽ നഷ്ടത്തിനും കാരണമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (സി) | 22/12/2018-ലെ 31-ാം GST കൗൺസിൽ മീറ്റിങ്ങിൽ Table Agenda ആയാണ് ലോട്ടറിയിന്മേൽ GST 28% ആയി ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം കൊണ്ടുവന്നത്. എന്നാൽ കേരളത്തിന്റെ ശക്തമായ എതിർപ്പുകാരണം അന്ന് ഇതിൻ മേൽ തീരുമാനമെടുക്കാതെ വിഷയം അടുത്ത GST Council യോഗത്തിലേയ്ക്ക് മാറ്റുകയായിരുന്നു. ഇതിനെത്തുടർന്ന് നിലവിൽ പിൻതുടരുന്ന GST നികുതിഘടനയിൽ മാറ്റം വരുത്തേണ്ട അടിയന്തിരസാഹചര്യം നിലവിലില്ലെന്നും, ലോട്ടറിയുടെ GST ഘടന 17-ാം GST കൗൺസിൽ തീരുമാന പ്രകാരം തുടരാവുന്ന താണെന്നും വിശദാംശ സഹിതം കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കി ബഹു.കേന്ദ്ര ധനകാര്യ മന്ത്രിക്കും ഇതരസംസ്ഥാന ധനകാര്യ മന്ത്രിമാർക്കും കത്ത് നൽകുകയുണ്ടായി കൂടാതെ, കേരള ലോട്ടറി സംരംക്ഷണസമിതി |

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ ബഹു.കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയെ നേരിൽക്കണ്ട് ലോട്ടറിയിൻമേലുള്ള നിലവിലെ GST ഘടന തുടരേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയുമുണ്ടായി.<br><br>വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെ ബന്ധപ്പെട്ട് ജി.എസ്.ടി ഏകീകരണ നിരക്കിൽ മേലുള്ള കേരള നിലപാടിന് പിന്തുണ അഭ്യർത്ഥിക്കുകയും ആയതിൻ പ്രകാരം സംസ്ഥാന ലോട്ടറികളുടേയും, സ്റ്റേറ്റ് ആതറൈസ്ഡ് ലോട്ടറികളുടേയും GST നിരക്ക് 28%-മായി ഏകീകരിക്കാനുള്ള കൗൺസിൽ നീക്കം തടയുകയും ചെയ്തു. ഇതിനെ തുടർന്ന് വിഷയം പരിശോധിക്കാൻ ജി.എസ്.ടി കൗൺസിൽ ഒരു 7 അംഗ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ